# INDIAN SCHOOL AL WADI AL KABIR

## Final Examination 2023-24

### Malayalam (2nd Lang.)

Date: 12/03/2024 — Time Allowed: 3 hours

Class: VI — Maximum Marks: 80

---

* **Please check this question paper contains 5 printed pages and 15 questions.**

**1) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(10 x ½ = 5)**

a) ' അരിപ്രാവിനോട് ' എന്ന കവിത എഴുതിയതാര് ?

( ജി. ശങ്കരക്കുറുപ്പ് , അക്കിത്തം അച്യുതൻ നമ്പൂതിരി , ഒ.എൻ.വി. )

b) വിജയനഗര രാജ്യത്തെ രാജാവ് ആരായിരുന്നു ?

( ബീർബൽ , ഉദയവർമ്മ , കൃഷ്ണദേവരായർ )

c) കുട്ടി പൂമ്പാറ്റയോട് എന്ത് തരുമോ എന്നാണ് ചോദിക്കുന്നത് ?

( കുഞ്ഞുമ്മ , കുഞ്ഞുടുപ്പ് , കളിപ്പാട്ടം )

d) ''ഞാൻ കണ്ണടച്ചു കാണിക്കുന്ന ജാലവിദ്യ നിങ്ങൾ കണ്ണ് തുറന്നുപിടിച്ച് ചെയ്യാമോ " ഇങ്ങനെ ചോദിച്ചതാര് ?

( മാന്ത്രികൻ , കാണികൾ , തെനാലിരാമൻ )

e) പൂമ്പാറ്റ ഉണ്ണുന്നതെന്ത് ?

( പൂമ്പൊടി , പൂന്തേൻ , പൂവിതൾ )

f) ആരാണ് തോറ്റ് തലയും താഴ്ത്തി വിജയനഗരം വിട്ടത് ?

( രാജാവ് , മുനി , മാന്ത്രികൻ )

g) എന്ത് കണ്ടില്ലേ എന്നാണ് കുട്ടി പ്രാവിനോട് ചോദിക്കുന്നത് ?

( താലികെട്ട് , സദ്യ , ദേഹണ്ഡപ്പുര )

h) ' മഴവില്ലാണോ നിന്നമ്മ ' എന്ന കവിത ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ?

( ജി. യുടെ കുട്ടിക്കവിതകൾ , താമരത്തോണി , വാഴത്തേൻ )

i) ' അമ്മയ്ക്കെന്തൊരു ഭംഗി ' എന്ന കവിത എഴുതിയതാര് ?

( ബാലാമണിയമ്മ , സുമംഗല , സുഗതകുമാരി )

j) എവിടെ മുങ്ങുകയും , പൊങ്ങുകയും ചെയ്യാമെന്നാണ് കുട്ടി പൂമ്പാറ്റയോട് പറയുന്നത് ?

( കുളിർനിഴലിൽ , പൂനിലാവിൽ , പൊൻവെയിലിൽ )

**2) ശരിയായ അർത്ഥം എടുത്തെഴുതുക.** **(8x ½= 4)**

a) പൂശുക ( പുരട്ടുക , പ്രകാശിക്കുക , പടരുക )

b) ദേഹം ( ശബ്ദം , ശരീരം , ശക്തം )

c) ധ്യാനം ( ഉഷസ്സ് , തമസ്സ് , തപസ്സ് )

d) നേരം ( സമയം , സംശയം , സാവധാനം )

e) തെണ്ടുക ( ആശിക്കുക , യാചിക്കുക , അറിയുക )

f) ഉണ്ണുക ( ഭക്ഷിക്കുക , പ്രാർത്ഥിക്കുക , പറയുക )

g) വേൾക്കുക ( വരുക , വിവാഹം കഴിക്കുക , വിശ്രമിക്കുക)

h) കാലത്ത് ( രാത്രിയിൽ , വൈകിട്ട് , രാവിലെ )

**3) ശരിയായ പര്യായപദങ്ങൾ എടുത്തെഴുതുക.** **(6x 1= 6)**

a) കണ്ണ് ( ശീർഷം , നേത്രം , മൗലി , അക്ഷി )

b) കാറ്റ് ( വായു , അനിലൻ , സലിലം , നീരദം )

c) തല ( മൗലി , അക്ഷി , വദനം , ശീർഷം )

d) പൂവ് ( മധു , മലർ , വിധു , സുമം )

e) സ്വർണം ( ആസ്യം , കനകം , കാഞ്ചനം , കാകൻ )

f) സൂര്യൻ ( ആദിത്യൻ , അനിലൻ , പവനൻ , രവി )

**4) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക.** **(6x ½= 3)**

a) സന്തോഷിച്ചു / സന്തോശിച്ചു / സന്ദോഷിച്ചു

b) ബഹലം / ബഹളം / ബഹള്ളം

c) വെല്ലുവിലി / വെലുവിളി / വെല്ലുവിളി

d) സധസ്യർ / സദസ്യർ / സതസ്യർ

e) ദർബാർ / ധർബാർ / ദർമ്പാർ

f) ഓപോൾ / ഓപ്പോൾ / ഓപ്പോൽ

**5) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക.** **(3x 1= 3)**

a) വന്നത് / അപ്പോഴാണ് / മുന്നോട്ട് / തെനാലിരാമൻ

b) പല / കാണിച്ചു / ജാലവിദ്യകളും / മാന്ത്രികൻ

c) കൃഷ്ണദേവരായർക്ക് / നാണക്കേടായി / വലിയ / അത്

**6) വിപരീതപദം എഴുതുക.** **(8x ½= 4)**

a) വലിയവൻ
b) തുറന്നു
c) ആദ്യം
d) തരുക
e) സമ്മതം
f) വെളിച്ചം
g) ചിരിച്ചു
h) അരികിൽ

**7) എതിർലിംഗം എഴുതുക** **(6x ½= 3)**

a) അവൾ
b) വലിയവൻ
c) സുന്ദരൻ
d) അമ്മ
e) മകൻ
f) അനിയത്തി

**8) ചേർത്തെഴുതുക** **(4x 1= 4)**

a) തട്ടി + കളഞ്ഞു
b) നീ + ഒരു
c) സഞ്ചിയും + ആയി
d) കുപ്പ + ചണ്ടികൾ

**9) പിരിച്ചെഴുതുക** **(4x 1= 4)**

a) കുഴലൂത്ത്
b) നീയരികിൽ
c) മഴവില്ലാണോ
d) കണ്ണടച്ചു

**10) പാഠഭാഗത്ത് ഉള്ളതു പോലെ കവിത പൂർത്തിയാക്കുക. (5 വരി )** **(5)**

പൂവുകൾ -----------------------------------

----------------------------------------------

----------------------------------- പൂമ്പാറ്റേ !

**11) 1 മുതൽ 10 വരെയുള്ള എണ്ണൽസംഖ്യകൾ മലയാളത്തിൽ എഴുതുക (5)**

**12) ഏതെങ്കിലും 8 പൂക്കളുടെ പേര് മലയാളത്തിൽ എഴുതുക. (4)**

**13) ഏതെങ്കിലും 8 പഴങ്ങളുടെ പേര് മലയാളത്തിൽ എഴുതുക. (4)**

**14) താഴെ തന്നിട്ടുള്ള ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (10x2 =20)**

1) പൂമ്പാറ്റയുടെ അമ്മ ആരാണെന്നാണ് കുട്ടിയുടെ സംശയം ?
2) കൃഷ്ണദേവരായ രാജാവിന്റെ കൊട്ടാരംവിദൂഷകൻ ആരായിരുന്നു ?
3) ആർക്ക് വേണ്ടിയാണ് അമ്മ കാപ്പിയൊരുക്കുന്നത് ?
4) അരിപ്രാവ് എന്താണ് കൊത്തിത്തിന്നുന്നത് ?
5) കുട്ടി പ്രാവിനെ എന്തിനാണ് ക്ഷണിക്കുന്നത് ?
6) അമ്മയ്ക്ക് എന്തിനാണ് നേരം ഇല്ലാത്തത് ?
7) മാന്ത്രികൻ കാണിച്ച അത്ഭുതജാലവിദ്യ എന്തായിരുന്നു ?
8) പൂവിൽ മയങ്ങുന്നത് ആരാണ് ?
9) മാന്ത്രികനെ തോൽപ്പിച്ച തെനാലിരാമന് എന്തു സമ്മാനമാണ് രാജാവ് നൽകിയത് ?
10) കുട്ടിക്ക് അമ്മയുടെ ഭംഗി എപ്പോഴാണ് അനുഭവപ്പെടുന്നത് ?
11) മാന്ത്രികൻ രാജാവിനോട് ചോദിച്ചത് എന്താണ് ?
12) ഓപ്പോളുടെ താലികെട്ടിന് എന്തെല്ലാമാണ് ഒരുക്കുന്നത് ?

**15) താഴെ തന്നിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (6 x 1= 6)**

പണ്ട് ഒരു പരുന്ത് ഒരു പെണ്ണെലിക്കുഞ്ഞിനെയും കൊണ്ട് പറക്കുമ്പോൾ അബദ്ധത്തിൽ ആ എലിക്കുഞ്ഞ് ധ്യാനത്തിൽ ആയിരുന്ന ഒരു മഹർഷിയുടെ കൈയിലേക്ക് വീണു പോയി. മുനി അതിനെ തപശ്ശക്തി കൊണ്ട് മനുഷ്യക്കുട്ടിയാക്കി. മുനിയുടെ ഭാര്യ അവളെ സ്വന്തം മകളായി വളർത്തി. അവൾ വലുതായപ്പോൾ വിവാഹം കഴിച്ചുകൊടുക്കാൻ മുനി നിശ്ചയിച്ചു. വീരനും സുന്ദരനും വിദ്യാസമ്പന്നനും ആയിരിക്കണം വരൻ എന്ന് മുനി വിചാരിച്ചു.

അതിനാൽ സൂര്യദേവനെ ചെന്നു കണ്ടു വിവാഹമാലോചിച്ചു. സൂര്യൻ പറഞ്ഞു : 'എന്നേക്കാൾ വലിയവൻ മേഘമാണ്. കാരണം മേഘത്തിന് എന്നെ മറയ്ക്കാനാവും , അതിനാൽ മേഘത്തോട് പറയുക' , മേഘത്തിനെ സമീപിച്ച-പ്പോൾ മേഘം പറഞ്ഞു : 'കാറ്റിന് എന്നെ അടിച്ചു പറത്താനാവും. അതിനാൽ കാറ്റാണ് എന്നേക്കാൾ യോഗ്യൻ.' കാറ്റിന്റെ അടുത്ത് ചെന്നപ്പോൾ കാറ്റ് പറഞ്ഞു. 'എന്നെ തടയാൻ കെല്പുള്ളവനാണ് പർവ്വതം. അതിനാൽ പർവ്വത- ത്തോട് പറയുക'. പർവ്വതത്തെ ചെന്നു കണ്ടപ്പോൾ പർവ്വതം പറഞ്ഞു: എന്നെയും കരണ്ടുതിന്നുന്നവനാണ് എലി. അതിനാൽ എലിയോട് പറയുക'. എലിയോട് പറഞ്ഞപ്പോൾ കന്യകയെ വേൾക്കാൻ തനിക്കു സമ്മതമാണെന്നും പക്ഷേ മാളത്തിൽ കടക്കാൻ വേണ്ടി അവളെ എലിയാക്കി മാറ്റണമെന്നും അപേക്ഷിച്ചു. അങ്ങനെ മുനി അവളെ വീണ്ടും എലിയാക്കി മാറ്റി.

**<u>ചോദ്യങ്ങൾ</u>**

1) എലിക്കുഞ്ഞ് ആരുടെ കൈയിലേക്കാണ് വീണു പോയത് ?
2) മകൾ വലുതായപ്പോൾ മുനി എന്താണ് നിശ്ചയിച്ചത് ?
3) മകളുടെ വരൻ എന്തെല്ലാം ഗുണങ്ങൾ ഉള്ളവനായിരിക്കണമെന്നാണ് മുനി വിചാരിച്ചത് ?
4) മുനി ആദ്യം ആരെ ചെന്നുകണ്ടാണ് വിവാഹം ആലോചിച്ചത് ?
5) പർവ്വതത്തെ ചെന്നുകണ്ടപ്പോൾ പർവ്വതം എന്താണ് മുനിയോട് പറഞ്ഞത് ?
6) മുനിയുടെ മകളെ വിവാഹം കഴിക്കാൻ സമ്മതിച്ചത് ആരാണ് ?

***